# വാർത്താക്കുറിപ്പ്

**തിരുവനന്തപുരം** **ജില്ലാ ഇൻഫർമേഷൻ ഓഫിസ്**
Email: dioprdtvm@gmail.com
**ഫോൺ: 0471 2731300**

**2018 സെപ്റ്റംബർ 01**

---

## മഴക്കെടുതി തിരുവനന്തപുരം ജില്ലയ്ക്ക് 702.96 കോടി രൂപയുടെ നഷ്ടം

കനത്ത മഴയെത്തുടർന്ന് തിരുവനന്തപുരം ജില്ലയ്ക്ക് 702.96 കോടി രൂപയുടെ നഷ്ടം. 95 വീടുകൾ പൂർണമായും 1933 വീടുകൾ ഭാഗീകമായും തകർന്നു. 10.56 കോടി രൂപയുടെ നഷ്ടമു   ായതായി കണക്കാക്കപ്പെടുന്നു.

ഏറ്റവും കൂടുതൽ നാശനഷ്ടമു   ായത് റോഡുകൾക്കാണ്. 530 കിലോമീറ്റർ പൂർണമായും 350 കിലോമീറ്റർ റോഡ് ഭാഗീകമായും തകർന്നു. 588 കോടി രൂപയാണ് ഈ ഇനത്തിൽ ജില്ലയ്ക്ക് ഭാരമാകുന്നത്. വാഴ, നെല്ല്, വിവിധയിനം പച്ചക്കറി വിളകൾ എന്നിവയുടെ നഷ്ടം ജില്ലയിലെ കാർഷിക മേഖലയെ വല്ലാതെ ബാധിച്ചു. 1400 ഹെക്ടർ സ്ഥലത്തെ കാർഷിക വിളകൾക്കാണ് നാശമു   ായത്. 80 കോടി രൂപയുടെ നഷ്ടം.

നെയ്യാർ ഡാമിന്റെ കനാലിൽ സംഭവിച്ച 12.94 കോടി രൂപയുടെ നാശമുൾപ്പടെ ജലസേചന വകുപ്പിന് 16.47 കോടി രൂപയുടെ നഷ്ടമു   ായി. ജില്ലയിലെ വൈദ്യുതി വകുപ്പിനാണ് താരതമ്യേന നഷ്ടം കുറവ്. 1.33 കോടി രൂപയുടെ നഷ്ടമാണ് വൈദ്യുതി വകുപ്പിന് ഉ   ായത്. വാമനപുരം, നെയ്യാർ എന്നിവിടങ്ങളിലെ പമ്പ് ഹൗസുകൾ തകർന്നത് ഉൾപ്പെടെ ജില്ലയിലെ വാട്ടർ അതോറിറ്റിക്ക് 6.6 കോടി രൂപയുടെ അധിക ബാധ്യതയുമു   ായതായി ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം) അനു എസ്. നായർ അറിയിച്ചു.

## ടൺ കണക്കിന് അവശ്യവസ്തുക്കൾ എത്തുന്നു; തരംതിരിക്കാൻ ആയിരത്തോളം വൊളന്റിയർമാർ

പ്രളയക്കെടുതിയിൽനിന്നു കരയേറുന്ന കേരളത്തിലേക്ക് അന്യദേശങ്ങളിൽനിന്നു സഹായം പ്രവഹിക്കുന്നു. രാജ്യത്തിന് അകത്തുനിന്നും പുറത്തുനിന്നും തലസ്ഥാനത്തേക്ക് അയക്കുന്ന അവശ്യവസ്തുക്കൾ ജില്ലാ ഭരണകൂടം തരംതിരിച്ചു സൂക്ഷിച്ച്, ആവശ്യാനുസരണം വിവിധ ജില്ലകളിലേക്ക് അയക്കുകയാണ്. ആയിരത്തോളം സന്നദ്ധ പ്രവർത്തകർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇതിനായി അക്ഷീണം പ്രയത്നിക്കുന്നു. വിമാനത്തിലും ട്രെയിനിലുമായി തിരുവനന്തപുരത്തെത്തുന്ന സാധനങ്ങൾ നഗരത്തിലെ നാലു കേന്ദ്രങ്ങളിലാണു സംഭരിക്കുന്നത്.

തമ്പാന്നൂർ റെയിൽവേ കല്യാണ മണ്ഡപം, ജഗതിയിലെ കോ-ഓപ്പറേറ്റീവ് ടവർ, വിമൻസ് കോളജ്, ഓൾ സെയ്ന്റ്സ് കോളജ് എന്നിവിടങ്ങളിലാണ് സംഭരണ കേന്ദ്ര ങ്ങൾ. മറ്റു സംസ്ഥാനങ്ങളിൽനിന്നു റെയിൽ മാർഗം എത്തുന്ന സാധനങ്ങൾ അധികവും റെയിൽവേ കല്യാണ മണ്ഡപത്തിലും കോർപ്പറേഷൻ ടവറിലുമാണു സൂക്ഷിക്കുന്നത്. പ്രളയ ബാധിത ജില്ലകളിൽ നിലവിൽ ആവശ്യത്തിന് അവശ്യവസ്തുക്കൾ എത്തിയിട്ടു ള്ളതിനാൽ ഇവയുടെ വിതരണം പൂർത്തിയാകുന്ന മുറയ്ക്കേ തിരുവനന്തപുരത്തുനിന്നു സാധനങ്ങൾ അയക്കൂ. കുടിവെള്ള ക്ഷാമം രൂക്ഷമായ ആലപ്പുഴയിലേക്ക് 36 ലോഡ് കു ടിവെള്ളം അയച്ചു. കുട്ടനാട്ടിലെ പഞ്ചായത്തുകളിലേക്ക് അയക്കുന്ന ഇത് പഞ്ചായത്ത് സെക്രട്ടറിമാർക്കു കൈമാറും.

കുട്ടികൾക്കുള്ള ഭക്ഷണം, കുട്ടികളുടെ വസ്ത്രങ്ങൾ, ഡയപ്പറുകൾ, തൊപ്പി, ബെ ഡ് ഷീറ്റ്, ബ്ലാങ്കറ്റ്, ടീഷർട്ട്, പാന്റ്സ്, സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള വസ്ത്രങ്ങൾ, അടിവസ്ത്രങ്ങൾ, സാനിറ്ററി നാപ്കിൻ, അരി, പഞ്ചസാര, തേയില, കാപ്പിപ്പൊടി, പായ, ഈന്തപ്പഴം, മെഴുകുതിരി, നൂഡിൽസ്, ടിന്നിലാക്കിയ ഭക്ഷണ പദാർഥങ്ങൾ, അവൽ, സോപ്പ്, പേസ്റ്റ്, ബ്രഷ്, പാത്രങ്ങൾ, മാവ്, ക്ലീനിങ് ഉപകരണങ്ങൾ, ഓയിൽ, കുപ്പി വെള്ളം, ജ്യൂസ് തുടങ്ങിയവയാണ് ഇപ്പോൾ എത്തുന്നത്. ഉത്തരേന്ത്യയിലെ വിവിധ സം സ്ഥാനങ്ങളിൽനിന്ന് അരിയും സവാള അടക്കമുള്ള വസ്തുക്കളും എത്തുന്നു ്.

വിമാനത്താവളത്തിലും റെയിൽവേ സ്റ്റേഷനിലുംനിന്ന് ലോറികളിൽ സംഭരണ കേന്ദ്രങ്ങളിലെത്തിക്കുന്ന അവശ്യവസ്തുക്കൾ പ്രത്യേകം പട്ടികയായി തരംതിരിച്ച് സൂ ക്ഷിക്കുകയും പ്രളയ മേഖലകളിലെ കളക്ടർമാർ അറിയിക്കുന്നതനുസരിച്ച് ലോഡുകളാ യി അയക്കുകയുമാണു ചെയ്യുന്നത്. സാധനങ്ങൾ തരംതിരിക്കുന്നതിനും പായ്ക്ക് ചെയ്യു ന്നതിനും ജില്ലാ കളക്ടറുടെ ആഹ്വാനപ്രകാരം ആയിരത്തോളം വൊളന്റിയർമാരാണ് ഇ ന്നലെയും സംഭരണ കേന്ദ്രങ്ങളിലെത്തിയത്.

## 123 ആദിവാസി കുടുംബങ്ങൾക്ക് ലൈഫിലൂടെ അടച്ചുറപ്പുള്ള ഭവനം

** ഓരോ കുടുംബങ്ങൾക്കും പരമാവധി 4 ലക്ഷം രൂപ വരെ സഹായം നൽകി
** ഊരുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് 6 ലക്ഷം

എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യവുമായി കേരള സർക്കാർ നടപ്പിലാക്കി വരുന്ന ലൈഫ് പദ്ധതിയിലൂടെ 123 ആദിവാസി കുടുംബങ്ങൾക്ക് സുരക്ഷിത ഭവനമൊരുക്കി വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്. ബ്ലോക്കിന് കീഴിലെ ആദിവാസി മേഖലകളായ കുറ്റിച്ചൽ, വിതുര, തൊളിക്കോട്, ഉഴമലയ്ക്കൽ, പൂവച്ചൽ, ആര്യനാട്, വെള്ളനാട് എന്നീ പ്രദേശങ്ങളിലാണ് വീടുകളുടെ നിർമാണം പൂർത്തിയായത്. 2007 മുതൽ 2016 വരെയുള്ള കാലയളവിൽ വിവിധ പദ്ധതികളിലായി വീടുവയ്ക്കാൻ സഹായം ലഭിച്ചിട്ടും പൂർത്തിയാകാത്ത പട്ടികവർഗക്കാരുടെ വീടുകൾക്കാണ് ഇപ്പോൾ ലൈഫിലൂടെ പുതുജീവൻ ലഭിച്ചത്.

ഓരോ ഗുണഭോക്താവിനും പരമാവധി നാലു ലക്ഷം രൂപയാണ് വീടുവയ്ക്കാനായി നൽകിയത്. ഇതിൽ ആദിവാസി ഊരുകളിൽ താമസിക്കുന്നവർക്ക് ചെലവിന് ആനുപാതികമായി പരമാവധി ആറു ലക്ഷം രൂപ വരെ നൽകിയതായിവെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എസ്.എസ്. അജിതകുമാരി പറഞ്ഞു. അഞ്ച് ഘട്ടമായാണ് ഇവർക്ക് പണം അനുവദിച്ചത്. വെള്ളനാട് ബ്ലോക്കിന്

കീഴിൽ എട്ട് ഗ്രാമപഞ്ചായത്തുകളാണ് ഉള്ളത്. ഇതിൽ കുറ്റിച്ചൽ, വിതുര പഞ്ചായത്തുകളിൽ നല്ലൊരു ശതമാനവും പട്ടികവർഗ്ഗക്കാരാണ്. ഈ ര ു പഞ്ചായത്തുകളിൽ മാത്രമായി 83 വീടുകൾ പൂർത്തീകരിക്കാനായതായും പ്രസിഡന്റ് വ്യക്തമാക്കി.

കുറ്റിച്ചൽ-48, വിതുര-35, തൊളിക്കോട്-23, ആര്യനാട്-13, വെള്ളനാട്-2, പൂവച്ചൽ, ഉഴമലയ്ക്കൽ പഞ്ചായത്തുകളിൽ ഒന്നു വീതം എന്നീ ക്രമത്തിലാണ് വീടുകൾ നിർമിച്ചു നൽകിയത്. കയറിക്കിടക്കാൻ അടച്ചുറപ്പുള്ള വീട് ഇവിടുങ്ങളിലെ പല കുടുംബങ്ങൾക്കും ഉ ായിരുന്നില്ല. താൽക്കാലിക ഷെൽറ്ററുകളിലാണ് കൂടുതൽ പേരും താമസിച്ചിരുന്നത്. ലൈഫ് പദ്ധതിയിലൂടെ സൗജന്യമായി വീടുവച്ച് നൽകാമെന്ന് അറിയിച്ചിട്ടും വിമുഖത കാട്ടിയ ഇവരെ പഞ്ചായത്ത് അധികൃതർ നേരിട്ടെത്തി അടച്ചുറപ്പുള്ള വീടിന്റെ ആവശ്യം ബോധ്യപ്പെടുത്തിയാണ് സമ്മതിപ്പിച്ചത്.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന നിരവധി പേരാണ് ആദിവാസി മേഖലകളിലുള്ളത്. പുതിയ വീടിനെപ്പറ്റി ഇവരെ ബോധവത്കരിക്കാൻ പഞ്ചായത്ത് അധികൃതർ ഏറെ പരിശ്രമിച്ചു. ഇതിനായി ആദിവാസി ഊരുകളിൽ നിരന്തരം സന്ദർശനം നടത്തുകയും ബോധവൽക്കരിക്കുകയും ചെയ്തു. ഇത്തരം വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾക്ക് വളരെയേറെ പ്രാധാന്യം നൽകിയാണ് വീടു നിർമാണം പൂർത്തിയാക്കിയതെന്നും ഇനിയും വീടില്ലാത്തവർ ആദിവാസി മേഖലകളിൽ ഉ ങ്കിൽ അടച്ചുറപ്പുള്ള വീടിന്റെ ആവശ്യം ബോധ്യപ്പെടുത്തി വിടുവെച്ച് നൽകാനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്നും പ്രസിഡന്റ് അറിയിച്ചു.

## മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സഹായം

ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന ഉന്നത വിദ്യാഭ്യാസ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിനായി ധനസഹായം നൽകുന്നതാണ് പദ്ധതി. പ്ലസ് വൺ മുതൽ ടെക്നിക്കൽ ഉൾപ്പെടെയുള്ള കോഴ്സുകളെ ഉന്നത വിദ്യാഭ്യാസമായി കണക്കാക്കിയാണ് പദ്ധതി നടപ്പാക്കുന്നത്. അപേക്ഷാ ഫോം കമലേശ്വരത്തുള്ള ഫിഷറീസ് ജില്ലാ ഓഫീസിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ സെപ്റ്റംബർ 30നു മുൻപ് തിരുവനന്തപുരം ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. മത്സ്യബന്ധനത്തിനിടെ മരണപ്പെട്ടവരുടെ മക്കൾക്ക് മുൻഗണന ലഭിക്കും.

## താത്കാലിക ഒഴിവ്

നെടുമങ്ങാട് സർക്കാർ പോളിടെക്നിക് കോളജിൽ കായികാധ്യാപകന്റെ (ഇൻസ്ട്രക്റ്റർ ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ) താത്കാലിക ഒഴിവിലേക്ക് നിയമനത്തിനായി സെപ്റ്റംബർ ആറിന് രാവിലെ 11 നു കൂടിക്കാഴ്ച നടത്തും. ഉദ്യോഗാർഥികൾ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.